നെടുകണ്ടം ഗ്രാമപഞ്ചായത്ത്

1. പൊൻമല

ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

1. സെന്റ് തോമസ് എച്ച്.എസ്.എസ്.ഇരട്ടയാർ

ചിന്നക്കനാൽ ഗ്രാമപഞ്ചായത്ത്

1. ചിന്നക്കനാൽ

(സി) ഇടുക്കി ജില്ലയിലെ മാങ്കുളം പഞ്ചായത്തിലെ സുജൽധാര പദ്ധതിക്ക് കേന്ദ്രസർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ജില്ലാതല നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള ഡിസ്ട്രിക്ട് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷൻ, ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്ടർ ചെയ്യുകയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ അക്കൗണ്ട് തുടങ്ങുകയും ചെയ്തിട്ടുണ്ട്. ആദ്യ ഗഡു ഫണ്ട് അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ മിഷന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ബാങ്ക് അക്കൗണ്ട് നമ്പരും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം തുടങ്ങുന്നതാണ്. മറ്റ് പദ്ധതികൾക്കും കേന്ദ്ര സർക്കാരിന്റെ ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ഡി) ഇടുക്കി ജില്ലയിലെ മാങ്കുളം വില്ലേജിലെ ഒൻപതാം മൈൽ ബംഗ്ലാവുതറ, തിങ്കുടി എന്നീ പ്രദേശങ്ങളിലെ ഇരുനൂറോളം ഗിരിവർഗ്ഗ കുടുംബങ്ങളിലായി അധിവസിക്കുന്ന രണ്ടായിരത്തോളം ആളുകൾക്ക് കുടിവെള്ളം ലഭിക്കുന്നതാണ് പദ്ധതി. മാങ്കുളം സെന്റ് മേരീസ് ഹൈസ്ക്കൂളിലെ രണ്ടായിരത്തി അഞ്ഞൂറോളം വിദ്യാർത്ഥികൾക്കും, വിവിധ പരിപാടികൾക്കായി സ്കൂൾ ഹാൾ ഉപയോഗിക്കുന്നവർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. മറ്റു പദ്ധതികളുടെ അംഗീകാരം ലഭ്യമായിട്ടില്ല.

ഊട്ടേരിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പ്രവർത്തനം

27 (1711) ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാംപ്ര മണ്ഡലത്തിൽ അരിക്കുളം ഗ്രാമപഞ്ചായത്തിലുള്ള ഊട്ടേരിക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയുടെ പണി പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ഏത് വർഷത്തിലാണ് പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം തുടങ്ങിയതെന്ന് അറിയിക്കാമോ ;

(ഡി) ഈ പദ്ധതിയുടെ പ്രവർത്തനം സംബന്ധിച്ച് ഏതെങ്കിലും പ്രക്ഷോഭം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതി പ്രവർത്തനം പൂർത്തിയാക്കി ഇതിൻപ്രകാരം കുടിവെള്ളം എപ്പോൾ ലഭ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൂർത്തീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിലെ പമ്പിംഗ് മെയിനിനും വിതരണ ശൃംഖലയിലെ പൈപ്പ്ലൈനിനും വേണ്ടിയുള്ള പൈപ്പുകൾ ലഭിക്കാതിരുന്നതിനാലാണ് പൂർത്തിയാക്കാൻ കാലതാമസം ഉണ്ടായത്.

(സി) 1999-ൽ.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത പദ്ധതി 2003-ഡിസംബറിൽ പൂർത്തിയാക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

കുഴൽമന്ദം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹാരം

28 (1712) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുഴൽമന്ദം മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ പുതുതായി ഏതെല്ലാം പദ്ധതികളുടെ പണികളാണ് വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുള്ളത് ;

(ബി) ഭാരതപ്പുഴ ജലസ്രോതസ്സായിട്ടുള്ള എത്ര പദ്ധതികളാണ് നിലവിലുള്ളത് ; പുതുതായി ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത് ;

(സി) ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം ഏതെങ്കിലും പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഡി) നിലവിൽ പണി ആരംഭിച്ചിട്ടുള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാനും പുതുതായി ആരംഭിക്കാനിരിക്കുന്ന പദ്ധതികൾ കാലതാമസം കൂടാതെ ആരംഭിക്കാനും ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കുഴൽമന്ദം മണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്.

1. തരൂർ ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി.
2. എ.ആർ.ഡബ്ലിയു.എസ്.എസ്.ൽ ഉൾപ്പെടുത്തി കുട്ടൻകോട് മിനി കുടിവെള്ള പദ്ധതി.
3. എ.ആർ.ഡബ്ലിയു.എസ്.എസ്.ലെ തുപ്പാരകുളം പൈപ്പുലൈൻ മിനിപദ്ധതി.
4. കേരള വികസന പദ്ധതിയിൽപ്പെടുത്തി വാളയാർതൊടി മിനിപദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly